# യുക്തിവാദി നേതാവിന്റെ വികല ചിന്തകൾ

■ *“മുസ്‌ലിംകൾ തീവ്രവാദികളാകുന്നത് എന്തുകൊണ്ട്? ഉത്തരം: ഖുർആൻ നൽകുന്നത് നോക്കുക: ‘വല്ലവനും ഇസ്‌ലാം ഒഴിച്ച് വല്ല മതവും അന്വേഷിക്കുന്നുണ്ടെങ്കിൽ അതൊരിക്കലും സ്വീകരിക്കപ്പെടുന്നതല്ല’ (3:85). ‘സത്യവിശ്വാസികളെ വിട്ട് സത്യനിഷേധികളെ നിങ്ങൾ ആത്മമിത്രങ്ങളാക്കി വെക്കരുത്’ (4:144). ‘അമുസ്‌ലിംകളെയും കപടവിശ്വാസികളെയും അനുസരിക്കരുത്’ (33:48). ‘നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ച ജനതയെ നാം പാടെ തകർത്തുകളഞ്ഞു’ (25:36). ‘പ്രവാചകരേ, താങ്കൾ അമുസ്‌ലിംകളോടും കപടവിശ്വാസികളോടും യുദ്ധം ചെയ്യുകയും പരുഷമായി പെരുമാറുകയും ചെയ്യുക’ (9:73). ‘ദേഹം കൊണ്ടും ധനം കൊണ്ടും സമരം (ജിഹാദ്) ചെയ്യുന്നവർക്ക് പദവിയിൽ അല്ലാഹു ഉത്കൃഷ്ടത കൽപിച്ചിരിക്കുന്നു’ (4:95).*
*മതപ്രചാരണത്തിന് യുദ്ധം മാർഗമാക്കിയ ആദ്യത്തെ പ്രവാചകനാണ് മുഹമ്മദ് നബി. 26 യുദ്ധങ്ങൾ നേരിട്ട് നബി നയിച്ചു. അറുപതോളം യുദ്ധങ്ങൾ നടത്താൻ സൈന്യത്തെ സഹായിച്ചു (മുഹമ്മദ് നബി-സയ്യിദ് ഇബ്റാഹീം). കേരളത്തിലെ 28 മത വർഗീയ സംഘടനകളിൽ ഇരുപത്തിമൂന്നും മുസ്‌ലിം സംഘടനകൾ... ഇതിന് പ്രചോദനമാകുന്നത് ഖുർആൻ.....”*
(‘മതതീവ്രവാദത്തിനെതിരെ മാനവികതക്കു വേണ്ടി’, *പേജ് 13, യു. കലാനാഥൻ, പ്രസാധനം: കേരള യുക്തിവാദി സംഘം 2006 ഡിസംബർ).* മുജീബിന്റെ പ്രതികരണം?

***ടി.പി ശാഹുൽ ഹമീദ്, കുറ്റിക്കാട്ടൂർ***

**ഇ**സ്‌ലാം എന്നാൽ ദൈവത്തിനുള്ള അർപ്പണം. ഭൂമുഖത്ത് നിയുക്തരായ സർവ പ്രവാചകന്മാരും പ്രബോധനം ചെയ്തത് ഒരേ മതമായിരുന്നു. അതായത് ദൈവത്തിനുള്ള അർപ്പണം. ദൈവേതര ശക്തികൾക്കോ ദേഹേഛക്കോ ഉള്ള അർപ്പണം യഥാർഥ മതമല്ല. അതുകൊണ്ടാണ് ഖുർആൻ 3:85-ൽ ഇസ്‌ലാം ഒഴിച്ചുള്ള വല്ല മതവും ആർ അന്വേഷിച്ചാലും അത് സ്വീകാര്യമല്ല എന്ന് വ്യക്തമാക്കിയത്. ഇത് സത്യത്തിൽ സർവ പ്രവാചകമതങ്ങളുടെയും അന്തസ്സത്തക്കുള്ള അംഗീകാരമാണ്, നിരാസമല്ല.

ഏത് ആദർശത്തിൽ ആത്മാർഥമായി വിശ്വസിക്കുന്നവനും രഹസ്യങ്ങൾ കൈമാറുന്ന ആത്മമിത്രമാക്കുക ആ ആദർശം പങ്കിടുന്നവരെയാണ്, അതിനെ നിരാകരിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നവരെയല്ല. സാധാരണ ജീവിതവ്യവഹാരങ്ങൾ ആരുമായും ആവാം. അത് ഖുർആൻ തടഞ്ഞിട്ടില്ല.

അമുസ്‌ലിംകൾ എന്നൊരു വിഭാഗത്തെ ഖുർആൻ പരാമർശിച്ചിട്ടില്ല. നിഷേധി, നന്ദികെട്ടവൻ, ധിക്കാരി എന്നീ അർഥങ്ങളുള്ള ‘കാഫിർ’ എന്നാണ് ഖുർആൻ പ്രയോഗിച്ചത്. അത്തരക്കാരെയും വ്യാജവിശ്വാസികളെയും അനുസരിക്കരുത് എന്നല്ലാതെ അനുസരിക്കണമെന്ന് സാമാന്യബുദ്ധിയുള്ളവർ പറയുമോ?

അല്ലാഹു തകർത്തുകളഞ്ഞ ജനസമൂഹങ്ങളെ എന്തിനാണ്, എപ്പോഴാണ് തകർത്തതെന്ന് ഖുർആൻ വിശദീകരിച്ചിട്ടുണ്ട്. ‘വല്ലവനും നേർവഴി സ്വീകരിച്ചാൽ തന്റെ ഗുണത്തിനായാണ് അയാൾ നേർവഴിയിലാവുന്നത്. വല്ലവനും വഴിതെറ്റിയാൽ തനിക്കു തന്നെ ദോഷകരമായാണ് അയാൾ വഴിതെറ്റുന്നതും. പാപഭാരം ചുമക്കുന്ന ഒരാളും മറ്റൊരാളുടെ പാപഭാരം ചുമക്കുന്നില്ല. ഒരു ദൂതനെ നിയോഗിക്കുന്നതു വരെ നാം ആരെയും ശിക്ഷിക്കുന്നതുമല്ല. ഒരു നാടിനെ നശിപ്പിക്കാൻ നാം ഉദ്ദേശിച്ചാൽ അവിടത്തെ സുഖലോലുപർക്ക് നാം അധികാരം നൽകും (ആജ്ഞ നൽകും). അങ്ങനെ അവരവിടെ അധാർമികത പ്രവർത്തിക്കും. അതോടെ അവർക്ക് ശിക്ഷാപ്രവചനം യാഥാർഥ്യമായി പുലരും. അന്നേരം നാമതിനെ നിശ്ശേഷം തകർക്കുകയും ചെയ്യും’ (ഖുർആൻ 17:15,16). ‘നിന്റെ നാഥൻ അക്രമപരമായി നാടുകളെ നശിപ്പിക്കുകയില്ല, അവയിലെ നിവാസികൾ സൽപ്രവൃത്തികൾ ചെയ്യുന്നവരായിരിക്കെ’ (11:117). അപ്പോൾ അക്രമികളും അധർമകാരികളുമായ സുഖലോലുപരുടെ സമൂഹങ്ങളെയാണ്, അവർ ധിക്കാരത്തിന്റെ പാരമ്യത്തിലെത്തുമ്പോൾ അല്ലാഹു മതിയായ മുന്നറിയിപ്പോടെ നശിപ്പിച്ചതെന്ന് വ്യക്തമാവുന്നു. അങ്ങനെ അവൻ ചെയ്തില്ലെങ്കിൽ ഭൂലോകം നരകതുല്യമായേനെ. സത്യനിഷേധികളായ ശത്രുക്കൾ സമാധാനക്കരാർ ഏകപക്ഷീയമായി ലംഘിച്ചപ്പോഴാണ് അവരോട് യുദ്ധം ചെയ്യാൻ അല്ലാഹു ഉത്തരവിട്ടത്. അല്ലെങ്കിൽ രാജ്യത്തിന്റെ സുരക്ഷയോ പ്രതിരോധമോ ഉറപ്പുവരുത്താനാവില്ല. ഖുർആൻ 9-ാം അധ്യായത്തിന്റെ തുടക്കത്തിൽതന്നെ അക്കാര്യം ചൂണ്ടിക്കാട്ടിയതാണ്. സൂക്തങ്ങൾ പശ്ചാത്തലത്തിൽനിന്ന് അടർത്തിയെടുത്തതാണ് കുഴപ്പം.

സത്യത്തിനും നീതിക്കും വേണ്ടിയുള്ള പോരാട്ടമാണ് ജിഹാദ്. അതില്ലെങ്കിൽ ലോകം അക്രമികളുടെയും ചൂഷകരുടെയും അധിനിവേശക്കാരുടെയും പിടിയിലമരും എന്നതിന് വർത്തമാനകാലാനുഭവങ്ങൾ തന്നെ തെളിവ്. നബി(സ) മക്കയിലായിരുന്ന 13 വർഷവും ആരോടും ഏറ്റുമുട്ടിയിട്ടില്ല; പലായനം ചെയ്തതേയുള്ളൂ. അഭയം തേടിയ നാട്ടിലും സ്വസ്ഥമായ ജീവിതം നിഷേധിച്ചവർക്കെതിരെയാണ് പ്രവാചകൻ യുദ്ധങ്ങൾ നയിച്ചത്; അതുതന്നെ, സമാധാനക്കരാർ ലംഘിക്കപ്പെട്ടപ്പോൾ. അകാരണമായി നിരപരാധികളെ കൂട്ടക്കശാപ്പു ചെയ്ത പ്രത്യയശാസ്ത്രങ്ങളുടെ അവകാശികൾക്ക് ഇസ്‌ലാമിന്റെ പ്രതിരോധ യുദ്ധങ്ങളെ വിമർശിക്കാൻ അവകാശമില്ല.

28 മതസംഘടനകളുടെ കണക്ക് ആരുടേതാണെന്നറിയില്ല. വിവരദോഷികളുടേതാണെങ്കിൽ അത് മുഖവിലക്കെടുക്കാനാവില്ല. മുസ്‌ലിം മുഖ്യധാരാ മത രാഷ്ട്രീയ സാംസ്കാരിക സംഘടനകളൊന്നും വർഗീയത വളർത്തുന്നില്ല. അതുകൊണ്ടാണ് കേരളം താരതമ്യേന സാമുദായികമൈത്രി കാത്തുസൂക്ഷിക്കുന്നത്. സമുദായത്തിലെ വർഗീയ പ്രവണതകളെ മുസ്‌ലിം സംഘടനകൾതന്നെ തള്ളിപ്പറയുകയും ചെയ്യുന്നു.

സംഘ്പരിവാറിന്റെ ചെയ്തികളും പ്രചാരണങ്ങളുമാണ് സാമുദായികാന്തരീക്ഷം വഷളാക്കുന്നത്. അത് തുറന്നുപറയാനുള്ള ധൈര്യമോ ആർജവമോ യുക്തിവാദികൾക്കില്ല. അവരിൽ ചിലർ കാവിപ്പത്രങ്ങളിലെ പതിവു കോളമിസ്റ്റുകൾ പോലുമാണ്.

## ഇസ്‌ലാം പ്രാകൃത മതം?

■ *“ഏഴാം നൂറ്റാണ്ടിൽ മധ്യ അറേബ്യയിലെ പ്രാകൃത ഗോത്രവർഗക്കാർക്കിടയിൽ അവതരിപ്പിക്കപ്പെട്ട മതമാണ് ഇസ്ലാം. അതിൽ ഒരേസമയം ഗോത്രവർഗ ജീവിതത്തിന്റെ പ്രാകൃതമായ കാർക്കശ്യങ്ങളും മരുഭൂമിയുടെ അനന്തമായ അന്വേഷണത്വരയുമുണ്ടായിരുന്നു. പരസ്പരം കലഹിച്ച ഈ രണ്ടു ജീവിതധാരകൾ ചേർന്നതാണ് ഇസ്ലാമിക ചരിത്രം.....*

*“കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കം മുതൽ മറ്റൊരു ഇസ്ലാം ലോകത്ത് രൂപപ്പെട്ടു. അന്വേഷിക്കുന്നവർക്കും സന്ദേഹികൾക്കും ഇടമില്ലാത്ത ഏകശിലാരൂപിയായ പുതിയ ഇസ്ലാം. ഈജിപ്തിലെ മുസ്ലിം ബ്രദർഹുഡ്, ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ജമാഅത്തെ ഇസ്ലാമി, സൗദി രാജകുടുംബത്തെ സ്വാധീനിച്ച ‘വഹാബി’ പരിഷ്കരണ ചിന്തകൾ എന്നിവയെല്ലാം ചേർന്ന് ഇസ്ലാമിനെ ചിന്തകൾക്കും വിട്ടുവീഴ്ചകൾക്കും മാറ്റങ്ങൾക്കും ഇടമില്ലാത്ത ഒരു കർക്കശ മതമാക്കി മാറ്റി. ഇതാണ് രാഷ്ട്രീയ ഇസ്ലാം. ഇന്ത്യയിലെ ഹിന്ദുത്വ രാഷ്ട്രീയം പോലെ, സംഘടിത ക്രൈസ്തവ സഭ പോലെ ഇതും മനുഷ്യരാശിയുടെ ശത്രുപക്ഷത്താണ്.*

*“മേൽപറഞ്ഞ രാഷ്ട്രീയ ഇസ്ലാമിന്റെ ഫ്രാഞ്ചൈസികളാണ് കേരളത്തിലെ മുസ്ലിം സ്വാധീനമേഖലകളിലെ കാക്കത്തൊള്ളായിരം ദീനീ സംഘടനകൾ. സ്വതന്ത്ര ചിന്തയെയും അന്വേഷണത്തിന്റെ ഇടവഴികളെയും ഈ സംഘടനകൾ അംഗീകരിക്കുന്നില്ല. ചുരുക്കം കർമാനുഷ്ഠാനങ്ങൾ കണിശതയോടെ ചെയ്താൽ നിങ്ങൾ സ്വർഗത്തിലെത്തുമെന്ന് ഇവർ പറഞ്ഞുപരത്തുന്നു. കല്ലിനേക്കാൾ ഉറപ്പുള്ള ആശയദാർഢ്യമാണ് തങ്ങൾക്കെന്ന് അവർ ഊറ്റംകൊള്ളുന്നു. കാരണം അവർക്ക് മതമെന്നാൽ ചില അനുഷ്ഠാനങ്ങൾ മാത്രമാണ്....”*

(ഇന്ത്യാ വിഷൻ ന്യൂസ് എഡിറ്റർ എം.പി ബഷീർ എഴുതിയ ‘നടുറോഡിലെ ദീനുൽ ഇസ്ലാം’ എന്ന ലേഖനത്തിൽ നിന്ന്, *മംഗളം* ഓണം വിശേഷാൽ പതിപ്പ് 2007).

മുജീബിന്റെ പ്രതികരണം?

**എം.വി ജലീൽ, ഒതളൂർ**

**മു**സ്‌ലിം കുടുംബങ്ങളിൽ പിറന്നുപോയതിന്റെ അസ്തിത്വദുഃഖം പേറുന്ന ചിലർ സമുദായത്തിലുണ്ടെന്നത് പുതിയ വസ്തുതയല്ല. തങ്ങളുടെ സർവതന്ത്ര സ്വതന്ത്ര ജീവിത ശൈലിക്ക് ഇസ്‌ലാം തടസ്സമാണെന്നവർക്ക് തോന്നുന്നു. കേവല ഭൗതിക പ്രത്യയശാസ്ത്രങ്ങൾ അവരുടെ മസ്തിഷ്കങ്ങളെ കീഴടക്കുക കൂടി ചെയ്തപ്പോൾ ഇസ്‌ലാമിനെ പ്രാകൃത മതമായും ഇസ്‌ലാമിനെ സമ്പൂർണ ജീവിത ദർശനമായി അവതരിപ്പിക്കുന്നവരെ കടുത്ത പിന്തിരിപ്പൻ മതമൗലികവാദികളായും ചിത്രീകരിക്കുകയാണവർ. ലോകത്തിലെ 130 കോടിയോളം വരുന്ന മുസ്‌ലിംകളും അവരുടെ ആയിരക്കണക്കിന് സംഘടനകളുമാകെ ഇസ്‌ലാമിക സരണിയിലാണ് ചലിക്കുന്നതെന്നും അവയൊക്കെയും തനതായ ഇസ്‌ലാമിനെയാണ് പ്രതിനിധീകരിക്കുന്നതെന്നും ആരും വാദിക്കുന്നില്ല. ഇസ്‌ലാമിക തത്ത്വങ്ങൾക്ക് കടകവിരുദ്ധമായ ബഹുദൈവാരാധനാപരമായ വിശ്വാസാചാരങ്ങൾ വെച്ചുപുലർത്തുന്നവരും ആൾദൈവസങ്കൽപങ്ങളിൽ അകപ്പെട്ടുപോയവരുമടക്കം മുസ്‌ലിംകളിലുണ്ട്. സങ്കുചിത മതവീക്ഷണവും അനാവശ്യ കൊടുംപിടിത്തവും മുഖമുദ്രകളാക്കിയ സംഘടനകളുമുണ്ട്. അതറിഞ്ഞുകൊണ്ടാണല്ലോ കാലാകാലങ്ങളിൽ മതപരിഷ്കർത്താക്കളും ഇരുപതാം നൂറ്റാണ്ടിൽ ഇസ്‌ലാമിക സംസ്കരണ പ്രസ്ഥാനങ്ങളും രംഗത്തുവന്നത്. എന്നാൽ അസഹിഷ്ണുതയുടെ പാപഭാരമാകെ ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ മേൽ കെട്ടിയേൽപിക്കുന്നത് തനി വിവരക്കേടാണ്. പൊതു സമൂഹത്തിലേക്കും അമുസ്‌ലിം ജനസാമാന്യത്തിലേക്കും ഇസ്‌ലാമിന്റെ വാതായനങ്ങൾ തുറന്നിട്ടത് ഇഖ്‌വാനുൽ മുസ്‌ലിമൂൻ, ജമാഅത്തെ ഇസ്‌ലാമി പോലുള്ള ആധുനിക ഇസ്‌ലാമിക നവോത്ഥാന പ്രസ്ഥാനങ്ങളാണ്. അവ ഇസ്‌ലാമിന്റെ രാഷ്ട്രീയം കൈയാളിയിരുന്നില്ലെങ്കിൽ മുസ്‌ലിംലോകം ഒന്നടങ്കം സാമ്രാജ്യത്വത്തിന്റെയും മുതലാളിത്തത്തിന്റെയും പാദസേവകരായി മാറിയേനെ; പാശ്ചാത്യ ദാർശനിക വൈകൃതങ്ങൾ ഇളക്കിവിട്ട അധാർമികതയുടെ വെള്ളപ്പാച്ചിലിൽ മുസ്‌ലിം യുവതീയുവാക്കൾ ഒന്നടങ്കം ഒഴുകിപ്പോയേനെ. ധനപൂജയും സുഖലോലുപതയും അർധ നഗ്നതയും പൂർണ നഗ്നതയും ലൈംഗികാരാജകത്വവും മദ്യസേവയുമാണ് ജീവിതമെന്ന പുരോഗമന വേദാന്തികളുടെ ദർശനങ്ങളിൽ അടിതെറ്റിവീഴാതെ മാനവികതക്കും മൂല്യങ്ങൾക്കും വേണ്ടി നിലകൊള്ളുന്ന ശക്തമായ ഒരു യുവസമൂഹം ലോകത്തുണ്ടായത്, ഇസ്‌ലാമിനെ കാലത്തോടൊപ്പം ചലിക്കുന്ന ശാശ്വത ദൈവിക സന്മാർഗമായി വിശ്വസിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന പ്രസ്ഥാനങ്ങളിലൂടെയാണ്. അവർ ചരിത്രത്തെ പിറകോട്ട് വലിക്കുകയല്ല, ചരിത്രം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

## മഅ്ദനിയുടെ മോചനം

■ *സംഘ്പരിവാർ ഒഴികെയുള്ള സർവ സംഘടനകളും അബ്ദുന്നാസിർ മഅ്ദനിയുടെ ജയിൽമോചനത്തിൽ ആശ്വസിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്നു. മഅ്ദനിക്കു വേണ്ടി ഒരു പ്രസ്താവനപോലും നടത്താതിരുന്ന പല സംഘടനകളും ഇപ്പോൾ മഅ്ദനിയോട് സഹതാപം പ്രകടിപ്പിക്കുന്നത് അവസരവാദപരമല്ലേ? മുസ്‌ലിം സംഘടനകളോ മുസ്‌ലിം പണ്ഡിതരോ, മതപണ്ഡിതൻ കൂടിയായ മഅ്ദനിക്കുവേണ്ടി ശബ്ദിക്കാതിരുന്നത് ഭീരുത്വമായിരുന്നില്ലേ? അഖിലേന്ത്യാതലത്തിൽ പ്രവർത്തിക്കുന്ന സംഘടനയാണെങ്കിലും ജമാഅത്തും മഅ്ദനി പ്രശ്നം ഗൗരവത്തോടെ കാണാതിരിക്കുകയായിരുന്നു. ഇപ്പോൾ ചില മുന്നണികളെ പോലെ മഅ്ദനിയെ കൂട്ടുപിടിക്കാൻ ജമാഅത്തും ശ്രമിച്ചുവരുന്നത് ഒരുതരം രാഷ്ട്രീയ നാടകം കളി തന്നെയല്ലേ?*

***ശാദിയാസ്, പള്ളിക്കൽ***

**പി**.ഡി.പി നേതാവും മതപണ്ഡിതനുമായ അബ്ദുന്നാസിർ മഅ്ദനിക്കു ജാമ്യംപോലും നിഷേധിക്കപ്പെട്ടതു മുതൽ അദ്ദേഹത്തെപ്പറ്റി നിരന്തരം വാർത്തകൾ നൽകിക്കൊണ്ടിരുന്നത് *മാധ്യമം* പത്രമാണെന്ന സത്യം ആര് നിഷേധിച്ചിട്ടും കാര്യമില്ല. നീതിനിഷേധത്തിനെതിരെ *മാധ്യമം* ശക്തിയായിത്തന്നെ മുഖപ്രസംഗങ്ങളെഴുതി. അദ്ദേഹത്തെ ജയിലിൽ ചെന്നുകണ്ട് അഭിമുഖ സംഭാഷണങ്ങൾ തയാറാക്കി പ്രസിദ്ധീകരിച്ചു. ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ ഉൾപ്പെടെയുള്ള പ്രഗത്ഭ നിയമവിദഗ്ധരുമായി മഅ്ദനിയുടെ മോചനക്കാര്യം ജമാഅത്തെ ഇസ്‌ലാമിയുടെ വക്താക്കൾ ചർച്ചചെയ്ത് സാധ്യമായ നടപടികൾ സ്വീകരിച്ചു. ജമാഅത്ത് പ്രതിനിധികൾ അദ്ദേഹത്തെ ജയിലിൽ സന്ദർശിച്ചു. ഇതൊന്നും രാഷ്ട്രീയ മുതലെടുപ്പോ വോട്ട്ബാങ്ക് അജണ്ടയോ ആയിരുന്നില്ല. മനുഷ്യാവകാശ നിഷേധത്തിനെതിരായ സുചിന്തിത നീക്കവും നീതി ലഭ്യമാക്കാനുള്ള ഇടപെടലും ആയിരുന്നു. മഅ്ദനി പുറത്തുവന്നപ്പോൾ അദ്ദേഹത്തിന് പി.ഡി.പി ഒരുക്കിയ സ്വീകരണങ്ങളിലേക്ക് ജമാഅത്ത് നേതാക്കളെ ക്ഷണിച്ചപ്പോൾ അവർ പങ്കെടുത്തതും മുതലെടുപ്പിന്റെ പേരിലല്ല. ജമാഅത്തിന് മുന്നണി അജണ്ടകളും ഇല്ല. നന്മയിൽ ആരുമായും സഹകരിക്കും, തിന്മ എവിടെ കണ്ടാലും എതിർക്കും. അത്രതന്നെ.

## കുശുമ്പിനും കുടിപ്പകക്കും മരുന്നില്ല

■ *അബ്ദുന്നാസിർ മഅ്ദനിയുടെ ജയിൽമോചനത്തെയും ഭാവി രാഷ്ട്രീയ നീക്കങ്ങളെയും സംബന്ധിച്ച് ഒരു ചാനൽ നടത്തിയ ചർച്ചയിൽ പങ്കെടുത്ത സിവിക് ചന്ദ്രൻ സംസാരിച്ചത് ജമാഅത്തെ ഇസ്‌ലാമിയെയും സോളിഡാരിറ്റിയെയും സംബന്ധിച്ചായിരുന്നു. ഒപ്പം മഅ്ദനിയുടെ നിയമസഹായഫണ്ടിന്റെ പരസ്യം കൊടുക്കാൻ മാധ്യമത്തെ സമീപിച്ചപ്പോൾ മാധ്യമം ആ പരസ്യം നിഷേധിച്ചെന്നും മഅ്ദനിയുടെ ജയിൽവാസത്തെ പറ്റി മാധ്യമം ഒന്നും എഴുതിയിരുന്നില്ലെന്നും ഇപ്പോൾ മഅ്ദനിയുടെ മോചനത്തിനു ശേഷം ജമാഅത്ത് അമീർ ഒപ്പം കൂടി തങ്ങളുടെ നേട്ടമായി ചിത്രീകരിക്കുന്നു എന്നുമൊക്കെയായിരുന്നു സിവിക്കിന്റെ കമന്റുകൾ. ഇതിനോട് പി.ഡി.പി നേതാവ് പൂന്തുറ സിറാജ് പ്രതികരിച്ചത് ഇങ്ങനെ: 'മഅ്ദനി ജയിലിലടക്കപ്പെട്ട അന്നുമുതൽ മോചിതനാവുന്നതു വരെ മാധ്യമമാണ് ജയിലിൽനിന്ന് കിട്ടുന്ന വാർത്തകൾ പ്രസിദ്ധീകരിച്ചിരുന്നത്. മാധ്യമം റിപ്പോർട്ട് ചെയ്തതിനു ശേഷമാണ് മറ്റു പത്രങ്ങൾ ആ വാർത്തകൾ റിപ്പോർട്ട് ചെയ്യാൻ തയാറായിരുന്നത്. അതുതന്നെ മാധ്യമം കൊടുത്തതുകൊണ്ട് തങ്ങൾ കൊടുക്കാതിരുന്നാൽ മോശമാവില്ലേ എന്നതുകൊണ്ടാണ്.' സ്ഥാനത്തും അസ്ഥാനത്തും ജമാഅത്തെ ഇസ്‌ലാമിയെ വിമർശിക്കണമെന്ന് കരുതുന്നവരെക്കുറിച്ച് മുജീബ് എന്തുപറയുന്നു?*

***നാസർ വടകര, ദേര ദുബൈ***

**അ**ബ്ദുന്നാസിർ മഅ്ദനിയോടും അദ്ദേഹം നേതൃത്വം നൽകുന്ന പി.ഡി.പിയോടും തത്ത്വാധിഷ്ഠിത യോജിപ്പും വിയോജിപ്പും എന്നതാണ് തുടക്കം മുതലേ ജമാഅത്തിന്റെ സമീപനം. എന്നിട്ടും മഅ്ദനിയെ ഉയർത്തിയതും വളർത്തിയതും ജമാഅത്തെ ഇസ്‌ലാമി ആണെന്നായിരുന്നു ഒരു കാലത്തെ പ്രചാരണം. പിന്നീടദ്ദേഹം കോയമ്പത്തൂർ ജയിലിലടക്കപ്പെട്ട ആദ്യനാളുകളിൽ തീവ്രവാദത്തിനു കിട്ടിയ ശിക്ഷ എന്ന മട്ടിൽ ആഘോഷിക്കാനും ചിലരുണ്ടായി. അവരുടെ ആഹ്ലാദത്തിൽ ജമാഅത്ത് പങ്കുചേർന്നില്ല. ജാമ്യവും പരോളും നിഷേധിക്കപ്പെട്ട് അനിശ്ചിതമായി വിചാരണ നീളവേ നിയമനടപടികളിലൂടെയും രാഷ്ട്രീയ സമ്മർദങ്ങളിലൂടെയും മഅ്ദനിക്ക് നീതി ലഭ്യമാക്കാൻ ജമാഅത്ത് അതിന്റേതായ ചാനലുകളിലൂടെ എന്തൊക്കെ ചെയ്തുവെന്ന് മഅ്ദനിക്കും സഹപ്രവർത്തകർക്കും നന്നായറിയാം. അതുകൊണ്ടുതന്നെയാണ് മഅ്ദനിയുടെ മോചനത്തിനു ശേഷം അദ്ദേഹത്തെക്കൊണ്ട് മുതലെടുക്കാൻ വിഫല ശ്രമം നടത്തുന്ന ചിലർ തുടരുന്ന ദുഷ്പ്രചാരണങ്ങളിൽ അദ്ദേഹമോ പി.ഡി.പിയോ വീഴാതിരിക്കുന്നതും. മഅ്ദനി ജയിലിലായിരിക്കെ അദ്ദേഹത്തിന് നീതിക്കുവേണ്ടി ശബ്ദമുയരുമ്പോൾ 'എന്തുകൊണ്ട് മഅ്ദനി മാത്രം, അന്യായമായി ജയിലിലടക്കപ്പെട്ട വേറെയും മലയാളികളില്ലേ?' എന്നു ചോദിച്ച് ഒപ്പുശേഖരണത്തിനിറങ്ങിയ ചില മനുഷ്യാവകാശ ഏകോപനക്കാർ ആണ് ഇന്നിപ്പോൾ *മാധ്യമം* പരസ്യം നിഷേധിച്ചുവെന്ന പച്ചക്കള്ളവുമായി മലിനീകരണം നടത്തുന്നത്. നിജഃസ്ഥിതി ഉറപ്പുവരുത്തിയ ശേഷമേ ധനസഹായത്തിനുള്ള ഏത് അഭ്യർഥനയും പ്രസിദ്ധീകരിക്കൂ എന്നത് *മാധ്യമം* പത്രത്തിന്റെ പ്രഖ്യാപിത നയമാണ്. തദ്വിഷയകമായി *മാധ്യമ*ത്തെ സമീപിച്ചവർക്കെല്ലാം അറിയുന്ന സത്യവുമാണത്. മഅ്ദനിയുടെ പേരിൽ അദ്ദേഹമോ കുടുംബമോ അറിയാതെ പലരും പണം തട്ടിയ സംഭവങ്ങൾ വേണ്ടത്ര ഉണ്ടായിട്ടുണ്ടുതാനും. നിയമസഹായസമിതിയുടെ പരസ്യവും സത്യസ്ഥിതി ഉറപ്പുവരുത്തിയശേഷം *മാധ്യമം* പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന വസ്തുത പരസ്യം കൊടുത്തവർക്ക് നിഷേധിക്കാനാവില്ല (*മാധ്യമം* 2003 നവം: 17, പേജ് 9). സാധാരണ പരസ്യ ചാർജിനേക്കാൾ 50 ശതമാനം കുറച്ചാണ് പരസ്യത്തിന് ചാർജ് ചെയ്തതെന്നും പത്രത്തിലെ മാർക്കറ്റിംഗ് വിഭാഗം അറിയിച്ചു. പക്ഷേ, ദുഷ്പ്രചാരണത്തിന് കച്ചിത്തുരുമ്പ് പോലും കിട്ടാതെ നിരാശരായവർക്ക് കള്ളങ്ങളെ ആശ്രയിക്കുകയേ നിർവാഹമുള്ളൂ. അത്തരക്കാരെ പി.ഡി.പി നേതാവ് പൂന്തുറ സിറാജ് തന്നെ നിശ്ശബ്ദരാക്കിയ സ്ഥിതിക്ക് കൂടുതൽ പരാമർശം ആവശ്യമില്ല. ■